Link in 'Plan' page also.

4962
29/10

കേരള സർക്കാർ

നം. 66753/ഡിസി1/08/ തസ്വഭവ.

തദ്ദേശസ്വയംഭരണ വകുപ്പ്
തിരുവനന്തപുരം, തിയതി 06.10.08

## സർക്കുലർ

വിഷയം: സമ്പൂർണ്ണ ശുചിത്വ യജ്ഞം - ഖര-ദ്രവ മാലിന്യ സംസ്കരണ ഘടകം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നത് - സംബന്ധിച്ച്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനും, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും, മലിനജലം സംസ്കരിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയുടെ 10 ശതമാനം തുക ഈയിനത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ മൂലധന ചെലവിനത്തിൽ ചെലവഴിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കമ്പോസ്റ്റ് പിറ്റുകൾ, ചെലവ് കുറഞ്ഞ ഡ്രെയിനേജ്, സോക്കേജ് സംവിധാനങ്ങൾ, ദ്രവമാലിന്യ സംസ്കരണം, വീടുകളിൽ നിന്നുള്ള മാലിന്യശേഖരണവും സംസ്കരണവും ഏറ്റെടുക്കാവുന്നതാണ്. പതിനാല് ജില്ലകളുടേയും മാലിന്യ സംസ്കരണഘടകമായി 1989 ലക്ഷം രൂപ കേന്ദ്ര-സംസ്ഥാന വിഹിതമായി ലഭ്യമാക്കിയിട്ടുണ്ട്.

ഖരദ്രവ മാലിന്യ സംസ്കരണത്തിനായി പദ്ധതികൾ തയ്യാറാക്കുന്ന ഗ്രാമപഞ്ചായത്തുകളെ താഴെപ്പറയുന്ന മുൻഗണനകളുടെ അടിസ്ഥാനത്തിൽ ജില്ലാതല ശുചിത്വ സമിതി ആദ്യവർഷം (2008-09) തിരഞ്ഞെടുക്കുന്നതിന് ഉത്തരവാകുന്നു.

1. കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശങ്ങളോട് ചേർന്ന് സ്ഥിതി ചെയ്യുന്ന നഗരസ്വഭാവമുള്ള പഞ്ചായത്തുകൾക്ക് ആദ്യ പരിഗണന നൽകുക.
2. ജനസാന്ദ്രത കൂടിയതും കൂടുതൽ മാലിന്യങ്ങൾ ഉത്പാദിപ്പിക്കപ്പെടുന്നതുമായ പ്രദേശങ്ങളും, ചന്തകളുമുള്ള പഞ്ചായത്തുകൾക്ക് അടുത്ത പരിഗണന നൽകാവുന്നതാണ്.
3. ഖരമാലിന്യ സംസ്കരണത്തിന് തനതായി പ്രോജക്ടുകൾ ഏറ്റെടുത്ത് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന പഞ്ചായത്തുകളേയും അടുത്തതായി പരിഗണിക്കേണ്ടതാണ്.
4. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഖരമാലിന്യ സംസ്കരണ പദ്ധതികൾക്കായി ക്ലീൻ കേരള/ശുചിത്വ മിഷനുകളിൽ നിന്ന് ധനസഹായം ലഭിച്ച പഞ്ചായത്തുകളെ ഈ വർഷം സഹായിക്കേണ്ടതില്ല.

ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളുടെ സമഗ്ര മാലിന്യസംസ്കരണത്തിനായുള്ള പ്രോജക്ടിന്റെ 50 ശതമാനം തുകയോ പരമാവധി 5 ലക്ഷം രൂപയോ സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ ഗ്രാന്റിൽ നിന്ന് നൽകാവുന്നതാണ്. ഇത്തരത്തിൽ അംഗീകാരം നൽകുന്നതിന് മുമ്പ് സമഗ്ര മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സംസ്ഥാന ശുചിത്വ മിഷന്റെയും, മാർക്കറ്റ്, സ്കൂൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവയുടെ പ്രോജക്ടുകൾക്ക് ജില്ലാതല സാങ്കേതിക ഉപദേശക സമിതിയുടേയും അനുമതി വാങ്ങിയിരിക്കണം. ഇത്തരത്തിൽ അനുവാദം നൽകുന്ന പ്രോജക്ടുകളിൽ ഭൂമി വാങ്ങുന്നതിനുള്ള ഘടകത്തിന് സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിൽ നിന്നും തുക നൽകുവാൻ പാടുള്ളതല്ല.

മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. മാലിന്യ ഉത്പാദിപ്പിക്കുന്നിടത്ത് തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുക എന്നതാണ് ലക്ഷ്യം. ഇത് ഫലപ്രദമായി നടക്കുന്നതിന് ഇതിനാവശ്യമായ സാങ്കേതിക സേവനം നൽകുന്ന 'സേവനദാതാക്കളുടെ' ഒരു ഗ്രൂപ്പും ഉണ്ടാകേണ്ടതുണ്ട്. ഇത്തരത്തിൽ മണ്ണിര കമ്പോസ്റ്റ്, കമ്പോസ്റ്റ്, ബയോ

........................2/

ഗ്യാസ് തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലും പരിപാലിക്കുന്നതിലും പരിശീലനം സിദ്ധിച്ച 'സേവനദാതാക്കൾ' ഉള്ള പ്രദേശങ്ങളിൽ മാലിന്യ സംസ്കരണം ഒരു പ്രശ്നമായി മാറിയിട്ടുണ്ടെങ്കിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ പരിപാടിക്കും ഈ പരിപാടിയുടെ സഹായം നൽകാവുന്നതാണ്. ഇങ്ങനെ ഒരു പ്രദേശത്തെ തിരഞ്ഞെടുക്കുമ്പോൾ കുറഞ്ഞത് ഒരു വാർഡിലെ ഗുണഭോക്താക്കൾക്ക് എങ്കിലും സേവനം ലഭ്യമാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ 11.02.2008ന് പുറപ്പെടുവിച്ച ജി.ഒ (എം.എസ്) 39/2008/എൽഎസ്ജിഡി സർക്കാർ ഉത്തരവ് പ്രകാരവും 11.07.08 ന് പുറപ്പെടുവിച്ച സ.ഉ.(എം.എസ്) നമ്പർ 199/2008/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരവുമുള്ള സബ്സിഡി നിരക്കുകളേ ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഉപഭോക്താക്കൾക്ക് നൽകുവാൻ പാടുള്ളൂ. ഇങ്ങനെ തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന സബ്സിഡിയുടെ നിരക്ക് 50:50 എന്ന അനുപാതത്തിൽ പ്ലാൻഫണ്ടും/തനത്ഫണ്ടും സമ്പൂർണ്ണ ശുചിത്വയജ്ഞ ഫണ്ടും സംയോജിപ്പിച്ച് നടപ്പാക്കേണ്ടതാണ്. ഉദാഹരണമായി വീടുകളിലെ വെർമി കമ്പോസ്റ്റ് യൂണിറ്റിന് 400 രൂപയാണ് സർക്കാർ അംഗീകരിച്ച സബ്സിഡി നിരക്ക്. ഇതിൽ 200 രൂപ സമ്പൂർണ്ണ ശുചിത്വ യജ്ഞം ഫണ്ടിൽ നിന്നും ബാക്കി 200 രൂപ പ്ലാൻഫണ്ട്/തനത് ഫണ്ട് എന്നിവയിൽ നിന്നോ കണ്ടെത്തേണ്ടതാണ്. ഇത്തരത്തിൽ ഏറ്റെടുക്കുന്ന പദ്ധതികളടക്കം തദ്ദേശസ്ഥാപനത്തിനുള്ള സമ്പൂർണ്ണ ശുചിത്വ യജ്ഞം വിഹിതം 5 ലക്ഷം രൂപയായി നിജപ്പെടുത്തേണ്ടതാണ്.

ഖര-ദ്രവമാലിന്യ പ്രോജക്ടുകൾ ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആവശ്യമായ ഭേദഗതി നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരുത്തുന്നതിന് ഉള്ള അനുമതിയും ഇതോടൊപ്പം നൽകുന്നു.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
5. പഞ്ചായത്ത് ഡയറക്ടർ
6. ഗ്രാമവികസന കമ്മീഷണർ
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
8. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
9. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
10. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
11. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി (ജില്ലാ കളക്ടർമാർക്കും)
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
14. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
15. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
16. എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും (സമ്പൂർണ്ണ ശുചിത്വ യജ്ഞം)
17. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
18. ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
19. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
20. സെക്രട്ടറി ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ

പകർപ്പ്:

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ